# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.78** — **25/04/2017-ന് മറുപടിക്ക്**

**സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഉപഹാരങ്ങൾ**

**ചോദ്യം**

ശ്രീ.ടി.എ.അഹമ്മദ് കബീർ

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഉപഹാരങ്ങൾ, പുരസ്കാരങ്ങൾ , അവാർഡുകൾ എന്നിവ സ്വീകരിക്കുന്നതിനുള്ള സർക്കാർ അനുമതിക്ക് ഉദ്യോഗസ്ഥർ അപേക്ഷ നൽകേണ്ടത് ആർക്കാണ് എന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും | 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഒരു സർക്കാർ ജീവനക്കാരൻ സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഉപഹാരങ്ങൾ, അവാർഡുകൾ തുടങ്ങിയവ സ്വീകരിക്കുവാൻ പാടില്ലയെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനുള്ള അനുമതി അപേക്ഷ അതത് ഭരണ വകുപ്പുകൾക്ക് വകുപ്പ് മേധാവികൾ മുഖേന സമർപ്പിക്കാവുന്നതാണ് |
| (ബി) | ഇത്തരം അപേക്ഷകളിൽ അന്തിമാനുമതി നൽകുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് സെക്രട്ടേറിയറ്റിലെ ഏതു വിഭാഗത്തെ യാണ് എന്ന് വ്യക്തമാക്കുമോ ; | | |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അത്തരത്തിൽ എത്ര അനുമതികൾ നൽകിയിട്ടുണ്ടെന്നും, ഏതൊക്കെ ഉദ്യോഗസ്ഥർക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും, ഏതൊക്കെ തീയതികളിലാണെന്നും വെളിപ്പെടുത്തുമോ? | (സി) | വിവരം ശേഖരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**